**പതിനാലാം കേരള നിയമസഭ**

**പത്താം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 32** **27/02/2018-ൽ മറുപടിയ്ക്ക്**

**സഹകരണ റിസ്ക് ഫണ്ട് പദ്ധതി**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ. മോൻസ് ജോസഫ്**<br>**ശ്രീ. പി.ജെ.ജോസഫ്**<br>**ശ്രീ. റോഷി അഗസ്റ്റിൻ**<br>**ഡോ. എൻ. ജയരാജ്** | | **ശ്രീ. കടകംപള്ളി സുരേന്ദ്രൻ**<br>**(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)** |
| (എ) | സഹകരണ റിസ്ക് ഫണ്ട് പദ്ധതിയുടെ ആനുകൂല്യം വൈകുന്നതായുള്ള ആക്ഷേപം പരിഹരിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കാമോ; | (എ) | കേരള സഹകരണ വികസന ക്ഷേമനിധി ബോർഡിന്റെ ഇപ്പോഴത്തെ ഭരണസമിതി നിലവിൽ വരുന്ന സമയത്ത് ഉണ്ടായിരുന്ന 13,000 അപേക്ഷകളും ഓരോ മാസവും ലഭിച്ചുകൊണ്ടിരിക്കുന്ന അപേക്ഷകളും അടക്കം ലഭ്യമായ അപേക്ഷകൾ പരിശോധിച്ച് തീരുമാനം എടുത്തശേഷം മേഖലാടിസ്ഥാനത്തിൽ ക്യാമ്പുകൾ സംഘടിപ്പിച്ച് ധനസഹായം നൽകിവരുന്നു.<br><br>2016 സെപ്റ്റംബർ 6 മുതൽ 2018 ജനുവരി വരെ 9525 ഗുണഭോക്താക്കൾക്കായി 75,44,50,188/- രൂപ ധനസഹായമായി അനുവദിച്ചിട്ടുണ്ട്. ലഭിക്കുന്ന അപേക്ഷകൾ പലതും മാനദണ്ഡങ്ങൾ പ്രകാരം അംഗീകരിക്കാവുന്നതല്ല. ആയതിനാൽ ആയത് നിയമപരമായി പരിശോധിച്ച് തീരുമാനമെടുക്കുന്നതിന് കൂടുതൽ സമയം ആവശ്യമാണ്. |
| (ബി) | പ്രസ്തുത പദ്ധതിക്ക് പ്രതിസന്ധി ഉണ്ടാകാനുള്ള കാരണം വ്യക്തമാക്കാമോ; | (ബി) | റിസ്ക് ഫണ്ട് ധനസഹായത്തിന് ഇപ്പോൾ പ്രതിസന്ധി ഇല്ല. |
| (സി) | ഈ പദ്ധതിയുടെ കാലതാമസം ഒഴിവാക്കി, ആശ്വാസ ധനസഹായം വായ്പക്കാരുടെ കൈകളിൽ എത്തിക്കുന്നതിനും പലിശയിനത്തിൽ വരുന്ന സ്വാഭാവിക വർദ്ധനവ് മൂലം ആശ്രിതർക്കുണ്ടാകുന്ന പ്രയാസങ്ങൾ പരിഹരിക്കുവാനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നത് എന്നറിയിക്കാമോ? | (സി) | റിസ്ക് ഫണ്ട് ധനസഹായ പദ്ധതി കാലതാമസം കൂടാതെ ഗുണഭോക്താക്കൾക്ക് ലഭ്യമാക്കാൻ വേണ്ട നടപടികൾ കേരള സഹകരണ വികസന ക്ഷേമനിധി ബോർഡ് സ്വീകരിച്ചുവരുന്നു. മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടുള്ള അർഹതയുള്ള അപേക്ഷകൾ മാത്രം കേരള സഹകരണ വികസന ക്ഷേമനിധി ബോർഡിന്റെ ആഫീസിലേക്ക് ലഭ്യമാക്കിയാൽ മതിയെന്ന് ജോയിന്റ് രജിസ്ട്രാർ (ജനറൽ) മാർക്കും, അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) മാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>2017-18 പദ്ധതി വിഹിതത്തിൽ 3 കോടി രൂപ റിസ്ക് ഫണ്ടിന്റെ കോർപ്പസ് ഫണ്ടിനായി വകയിരുത്തിയിട്ടുണ്ട്. 2018-19 ൽ കൂടുതൽ തുക ആവശ്യപ്പെട്ട് സബ്ജക്ട് കമ്മിറ്റി ശുപാർശ നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**